# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass SCRIPTURE READINGS**

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

ഉയിർപ്പ് രണ്ടാം ഞായർ

2022
ഏപ്രിൽ 24




"God is the most obvious part of human experience"

-Fulton J. Sheen, Philosophy of Soul.

യേശുവിന്റെ തിരുവുത്ഥാനത്തിലൂടെ പ്രപഞ്ചം മുഴുവൻ നവീകരിക്കപ്പെട്ടു. ശൂന്യമായ കല്ലറ അവതരിപ്പിച്ചതിനുശേഷം ഉത്ഥിതന്റെ മൂന്നു ദർശനങ്ങൾ യോഹ 20-ാം അധ്യായത്തിൽ വിവരിക്കുന്നു. ഇന്നത്തെ വായനക്കായി സഭ നിർദേശിച്ചിരിക്കുന്ന വചനഭാഗം ഉത്ഥിതന്റെ രണ്ടു ദർശനങ്ങളും, അവയോടുള്ള ശിഷ്യന്മാരുടെ പ്രതികരണങ്ങളും വിവരിക്കുന്നു. അടയാളം - കാഴ്ച- പ്രഘോഷണം - വിശ്വാസം എന്നീ മുഖ്യപ്രമേയങ്ങളിലേക്ക് ഈ വചനഭാഗം വിരൽ ചൂണ്ടുന്നു. അതോടൊപ്പം യേശുവിന്റെ പരസ്യജീവിതം, പീഡാനുഭവം, മരണം എന്നിവയ്ക്ക് ദൃക്സാക്ഷികളാവുകയും, ഉത്ഥിതനെ നേരിൽകണ്ട് ബോധ്യപ്പെട്ട് അനുഭവിച്ചറിയുകയും ചെയ്ത അപ്പസ്തോലന്മാരുടെ സാക്ഷ്യം ക്രിസ്തീയവിശ്വാസത്തിന്റെ അടിത്തറയാകണം എന്ന്

# മഹത്വത്തിൽ മായാത്ത മുറിവുകൾ




ജോസ് തട്ടിൽ


ഏശയ്യ 44:1-8, ലേവ്യ 26:1-13, 1 യോഹ 1:1-4, യോഹ 20:24-31

ദർശനങ്ങളുടെ വിവരണങ്ങളിലൂടെ സുവിശേഷകൻ അനുസ്മരിപ്പിക്കുന്നു.

തോമസിന്റെ സംശയം ആഴമേറിയ വിശ്വാസ പ്രഖ്യാപനമായാണ് അവതരിപ്പിക്കപ്പെടുന്നത്. ആദ്യതവണ യേശു പ്രത്യക്ഷപ്പെട്ടപ്പോൾ കൂട്ടത്തിൽ കാണാതിരുന്ന തോമസ്, തന്റെ സ്വഭാവസവിശേഷതയാണ് ഇവിടെ കാണിക്കുന്നത്. കൃത്യമായ അടയാളങ്ങൾ കാണാതെ വിശ്വസിക്കുകയില്ല എന്നു ഉറപ്പിച്ചു പറയുമ്പോൾ, ശിശുസഹജമായ ശാഠ്യവും അതോടൊപ്പം വിശ്വാസത്തിനായി മുന്നോട്ടു വയ്ക്കുന്ന ഉപാധിയും വ്യക്തമാക്കുന്നു.

കുരിശിൽ മരിച്ച യേശു തന്നെയാണ് ഉത്ഥിതനായത് എന്നു ഉറപ്പാക്കുന്ന അടയാളങ്ങളാണ് മുറിപ്പാടുകൾ. താൻ വിശ്വസിക്കുകയും അനുഗമിക്കുകയും, രക്ഷകനും മാതൃകയുമായി സ്വീകരിക്കുകയും ചെയ്ത ഗുരു മുറിവേറ്റവനാണ്. തനിക്കായി മുറിവേറ്റവനെ മാത്രമേ ഗുരുവും രക്ഷകനുമായി ഏറ്റു പറയുകയുള്ളൂ എന്ന ഉറച്ച തീരുമാനം ഈ ശിഷ്യന്റെ ശാഠ്യത്തിനു പിന്നിൽ കാണാം. ഒരു യുക്തിവാദിയുടെ 'തർക്കം' നാം ഇവിടെ കാണുന്നു.

## ഉത്ഥിതന്റെ മുറിവുകൾ

സാധാരണ ഭൗതിക ശരീരത്തിൽ നിന്നും വ്യത്യാസമുള്ളതാണ് ഉത്ഥിതശരീരം എന്നു വ്യക്തമാക്കിതരുന്നതാണ് അടച്ചിട്ട മുറിയിൽ പ്രത്യക്ഷപ്പെടുന്ന ഉത്ഥിതൻ. അക്ഷയം, ലഘുത്വം, ദീപ്തി എന്നീ മൂന്നു ഗുണങ്ങളാണ് ഉത്ഥിത ശരീരത്തിന്റെ പ്രത്യേകതകളായി ദൈവശാസ്ത്രജ്ഞർ എടുത്തു പറയുന്നത്. അത് ക്ഷയിക്കുന്നില്ല, പിണ്ഡം/ഭാരം ഇല്ല, സ്ഥലം ആവശ്യമില്ല. അതോടൊപ്പം അതു പ്രകാശമാനമായി പ്രശോഭിക്കും. യുഗാന്ത്യത്തിൽ ഉത്ഥിതരാകേണ്ട സകല തിരഞ്ഞെടുക്കപ്പെട്ടവരുടെയും ശരീരങ്ങളും ഈ അവസ്ഥയിലായിരിക്കും എന്ന ഒരു പഠനവും നമുക്കിവിടെ ലഭിക്കുന്നു.

തോമസിന്റെ ശാഠ്യത്തിനു വഴങ്ങി ആവശ്യപ്പെട്ട തെളിവുകൾ നിരത്തുന്ന ഗുരുവിനെയാണ് പിന്നെ സുവിശേഷകൻ അവതരിപ്പിക്കുന്നത്. ഗുരുദർശനമാത്രയിൽ ആ ശിഷ്യനിൽ നിന്നും ഉയർന്നത് ഒരു നിലവിളിയായിരുന്നു: "എന്റെ കർത്താവേ, എന്റെ ദൈവമേ..." ദൈവത്തിൽ പരിപൂർണ്ണ ആശ്രയത്വവും കരുതലും സ്വയം അടിയറ വയ്ക്കുന്നതും കരുണയ്ക്കായി യാചിക്കുന്നതും ഈ വിശ്വാസത്തിന്റെ ഏറ്റു പറച്ചിലിൽ നാം കാണുന്നു. അതുകൊണ്ടുതന്നെ ഈ പ്രഖ്യാപനം തോമസിന്റെ സംശയത്തേക്കാൾ വിശ്വാസത്തിനാണ് ഊന്നൽ നൽകുന്നത്.

വിശ്വാസത്തിന്റെ ഉറവിടത്തെപ്പറ്റിയും സുവിശേഷകൻ ചില ഉൾക്കാഴ്ചകൾ നൽകുന്നുണ്ട്. അടയാളങ്ങളിൽ അടിസ്ഥാനമുറപ്പിക്കുന്ന വിശ്വാസത്തേക്കാൾ ക്രിസ്തു ദർശനത്തിൽ നിന്ന് അപ്പസ്തോലിക സാക്ഷ്യത്തിലേയ്ക്കും അടയാളങ്ങളിൽ നിന്നു പ്രഘോഷണത്തിലേയ്ക്കും വിശ്വാസികൾ ശ്രദ്ധ തിരിക്കണം. ഉത്ഥിതനായ യേശുവിനു സാക്ഷ്യം നൽകാൻ അയയ്ക്കപ്പെട്ടവരാണ് ശിഷ്യർ. സ്ഥലകാലങ്ങൾക്കതീതമായിരിക്കണം ഈ ദൗത്യം. അനുരഞ്ജനപ്പെട്ട് ദൈവിക ജീവനിൽ പങ്കുചേരാൻ പ്രാപ്തരാക്കുക എന്നതായിരിക്കണം ഈ ദൗത്യത്തിന്റെ ലക്ഷ്യം. ഈ ദൗത്യം അതിന്റെ പൂർണ്ണതയിൽ നിർവഹിച്ച ഉത്തമശിഷ്യനാണ് നമ്മുടെ വിശ്വാസത്തിന്റെ പിതാവായ അപ്പസ് തോലൻ തോമസ്. ഉണങ്ങാത്ത മുറിപ്പാടുള്ളവനെ മാത്രമേ താൻ വിശ്വസിക്കൂ എന്ന ആ പിതാവിന്റെ ശാഠ്യം മുറിവേറ്റവരിൽ ക്രിസ്തുവിനെ കാണാൻ മക്കളെ പ്രേരിപ്പിക്കുന്ന പ്രത്യേകമായ വിശ്വാസ സാക്ഷ്യത്തിന്റെ അടയാളമാണ്. മുറിവേറ്റവരിലുള്ള ക്രിസ്തു സാന്നിധ്യം വെളിപ്പെടുത്തുന്ന ക്രിസ്ത്വനുഭവമായിരുന്നു തോമസിന്റേത്.

ഈ സുവിശേഷഭാഗത്ത് യഹൂദരെ ഭയക്കുന്ന ശിഷ്യരെ കണ്ടുമുട്ടുമ്പോൾ മറുവശത്ത് ഭയത്തെ മറികടക്കുന്ന തോമസിനെ കാണുന്നു. അടച്ചിട്ട വാതിലുകൾ ഭയത്തെ മാത്രമല്ല വെളിപ്പെടുത്തുന്നത്. അടച്ചിട്ട മുറിയിൽ കാണുന്ന മിശിഹായുടെ സാന്നിധ്യം ഉത്ഥിതശരീരത്തിന്റെ ശോഭയേറിയ സാക്ഷ്യം കൂടിയാണ് നമ്മുടെ മുമ്പിൽ വയ്ക്കുന്നത്. ഉത്ഥിതനായ ക്രിസ്തുവിന് ഉണ്ടായിരുന്ന മനുഷ്യശരീരം ഭൗതിക ശരീരത്തിന്റെ പരിമിതികളെ ഉല്ലംഘിക്കുന്നതായി സുവിശേഷകൻ വരച്ചുകാട്ടുന്നു. മറ്റൊരുവിധത്തിൽ വ്യാഖ്യാനിച്ചാൽ 'അടച്ചിട്ടവാതിലുകൾ' തുറക്കപ്പെട്ട ക്രിസ്തുവാകുന്ന വാതിലിന്റെ പ്രതീകമാണ്. ആടുകൾ കടന്നുവരികയും പുറത്തുപോകുകയും ചെയ്യുന്ന രക്ഷയുടെ വാതിലും സുരക്ഷിതമായ സങ്കേതവും ഈശോ തന്നെയാണ്.

## മനുഷ്യഹൃദയങ്ങളിലെ സമാധാനം

മിശിഹായുഗത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷത മനുഷ്യഹൃദയങ്ങളിലെ സമാധാനമാണ്. ഉത്ഥാനാനന്തരം ഈശോയുടെ ആശംസ എപ്പോഴും 'സമാധാനം നിങ്ങളോടുകൂടെ' എന്നാണ് (യോഹ 20:21,26). സമാധാനം എന്നത് ദൈവികദാനമായി കാണുന്നു. സമാധാനവും പൂർണതയും ദൈവിക സവിശേഷതകളാകയാൽ സമാധാനം നമ്മിലുണ്ടാകുക എന്നതിനർത്ഥം ദൈവവുമായി ഐക്യത്തിലായിരിക്കുക എന്നതാണ്. അസ്വസ്ഥരായിരിക്കുന്ന ശിഷ്യഗണത്തിന് ആ സമയത്ത് വേണ്ടതും സമാധാനം തന്നെയാണ്. മറ്റൊരുതരത്തിൽ പറഞ്ഞാൽ, ഇതു ഉത്ഥിതനായ ക്രിസ്തു നൽകുന്ന, ക്രിസ്തുസാന്നിധ്യം നൽകുന്ന മനസ്സിന്റെ സമാധാനവും സ്വസ്ഥതയുമാണ്.

സുവിശേഷത്തിന്റെ ആരംഭത്തിൽ ദൈവാലയം ശുദ്ധീകരിക്കുന്ന ക്രിസ്തുവിനോട് യഹൂദപ്രമുഖർ

ചോദിക്കുന്ന ഒരു ചോദ്യമുണ്ട്. 'ഇതു ചെയ്യാൻ നിനക്കു അധികാരമുണ്ട് എന്ന് തെളിയിക്കാൻ എന്തു അടയാളമാണ് നീ ഞങ്ങളെ കാണിക്കുക?' (യോഹ 2:18). ഈശോയുടെ മറുപടി തന്റെ ശരീരമാകുന്ന ദൈവാലയത്തെക്കുറിച്ചായിരുന്നു. മുറിയപ്പെട്ട, തകർക്കപ്പെട്ട ജറുസലേം ദൈവാലയം മൂന്നുദിനംകൊണ്ട് പണിതുയർത്തുന്ന ദൈവത്തിന്റെ അടയാളമായിട്ടാണ് ഈശോ ഇവിടെ തന്നെത്തന്നെ വെളിപ്പെടുത്തുന്നത്. വിശ്വാസിസമൂഹത്തിനാണ് ഈശോ പുതിയ ദൈവാലയമാകുന്നത്.

പ്രശസ്ത ജർമ്മൻ ദൈവശാസ്ത്രജ്ഞനായ Kahl Rahner എഴുതുന്നു:

When the vessel of his body was shattered in death, Christ was poured over the cosmos. He became actually in his very humanity what he had always been in his dignity, the innermost centre of creation'

Karl Rahner, On the Theology of Death.

കാണുക - വിശ്വസിക്കുക എന്നത് ഈശോയും അവിടുത്തെ പ്രിയ ശിഷ്യന്മാരും ഒരുമിച്ച് ജീവിച്ച നാളുകളുടെ സവിശേഷതയാണ്. എന്നാൽ പതിറ്റാണ്ടുകളിലൂടെ വിശ്വാസഗമനത്തിന് കാലാന്തരങ്ങൾ പിന്നിട്ടപ്പോൾ, വിശ്വാസം പകർന്നു തരാനുള്ള ശിഷ്യരും കൂടി സമൂഹത്തിൽനിന്നും മരണപ്പെട്ടപ്പോൾ, അപ്പസ്തോലിക വിശ്വാസത്തിൽ ശരണം വച്ചിരുന്ന ആദിമസഭയിലെ പ്രതിസന്ധിയാണ് തെളിവ് ചോദിക്കുന്ന ശ്ലീഹായിൽ നാം കാണുന്നത്. ക്രിസ്തുജീവിതവും ദർശനവും പുതിയ വിശ്വാസികളെ സംബന്ധിച്ചിടത്തോളം പൈതൃക സ്വത്തായി കൈമാറ്റം ചെയ്യപ്പെടുമ്പോൾ ക്രിസ്തുവിനെ കാണാത്ത ഏതൊരു വിശ്വാസിയെയും പ്രതിനിധീകരിക്കുകയാണ് തോമാശ്ലീഹാ. എങ്കിലും കാണലിന്റെ പിൻബലമില്ലാത്ത ഹൃദയ വിശ്വാസവും അത്ഭുതങ്ങളുടെ ചമയങ്ങളില്ലാത്ത വിശ്വാസസ്ഥിരതയും കൈമുതലാക്കുന്ന വിശ്വാസിയെയാണ് സുവിശേഷം 'ഭാഗ്യവാൻ' എന്നു വിശേഷിപ്പിക്കുന്നത്. അടയാളങ്ങളിൽ കൂടി വിശ്വാസത്തിന് അടിത്തറ പാകുന്നതാണ് യോഹന്നാൻ സുവിശേഷത്തിലെ ആദ്യഭാഗവിവരണങ്ങൾ. എന്നാൽ അവസാന ഭാഗങ്ങൾ കുരിശിൽ മരിക്കുന്ന ക്രിസ്തു തന്നെ ഏക അടയാളമായി അവതരിപ്പിക്കപ്പെടുന്നു. സുവിശേഷം അവസാനിപ്പിക്കുന്ന താകട്ടെ കാണാതെ വിശ്വസിക്കുന്നവരുടെ ഭാഗ്യം അവതരിപ്പിച്ചുകൊണ്ടാണ്.

ഹൃദയവിശ്വാസം എന്നത് കാഴ്ചക്കപ്പുറത്തേക്ക് അകക്കണ്ണുകൾ തുറക്കാനാകുന്നതാണ്. ക്രിസ്തുവിന്റെ മുറിവുകൾ തേടി വിശ്വാസത്തിനു തീർപ്പ് കൽപിക്കാൻ ശ്രമിക്കുന്നവ നായിരുന്നു സുവിശേഷത്തിലെ തോമസ്. എന്നാൽ, പിന്നീട്, 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്ന് ഏറ്റുപറഞ്ഞു ക്രിസ്തുവിനെ കണ്ടെത്തുന്ന, അവനായി മരിക്കുന്ന ഹൃദയ വിശ്വാസത്തിന്റെ മാതൃകയായി മാറുന്ന തോമസിനെ നാം പിന്നീട് കണ്ടുമുട്ടുന്നു.



## ത്യാഗത്തിന്റെ ശേഷിപ്പുകൾ

നന്മയും തിന്മയും ഒരുപോലെ വെളിപ്പെടുന്ന 'ഉത്ഥാനങ്ങളിൽ അപരനുവേണ്ടി സഹിച്ചതിന്റെയും അന്യായമായി പീഡകളേറ്റതിന്റെയും പാടുകൾ ശേഷിക്കുന്നവർ ഭാഗ്യവാന്മാരാണ്. ഈശോ തന്റെ അസ്ഥിത്വത്തിന് തെളിവായി ശിഷ്യരെ കാണിക്കുന്നത് തിരുമുറിവുകളാണല്ലോ. മറ്റുള്ളവർക്കായി സഹിച്ചതിന്റെയും ത്യാഗം ചെയ്തതിന്റെയും ശേഷിപ്പുകൾക്ക് ഉത്ഥാനത്തിൽ വലിയ മൂല്യമുണ്ട് എന്ന സത്യം ഇവിടെ വ്യക്തമാകുന്നു. അന്യായമായി വേദനയേറ്റതിന്റെയും മുറിവേറ്റതിന്റെയും സങ്കടം ഉള്ളിൽ പേറുന്നവർ ഓർമ്മിക്കേണ്ട രഹസ്യമാണിത്. ഇത്തരം തിരുമുറിവുകൾ വിശ്വാസത്തിന്റെ തെളിവുകളും രക്ഷയുടെ അടയാളങ്ങളുമായി മാറുന്നു. ക്രിസ്തുവിനെ സ്നേഹിച്ച് ആ തിരുമുറിവുകളോടു താദാത്മ്യപ്പെടുന്ന മുറിവുകളെ ഏറ്റുവാങ്ങുന്നതായിരുന്നു തോമാശ്ലീഹായുടെ ജീവിതം. ഇരട്ട പിറന്ന ദിദിമോസായ തോമസ് യഥാർത്ഥത്തിൽ 'ഇരട്ട പിറന്നത്' ഈശോയോടൊത്താണ്. ഓരോ വിശ്വാസിയുടെ 'വിളി'യും ഈ ഇരട്ടപിറക്കലിനു വേണ്ടിയാണ്.

പ്രശസ്ത എഴുത്തുകാരിയും ദൈവശാസ്ത്രജ്ഞയുമായ കഹശമ Delio ക്രൂശിതനായ ക്രിസ്തുവിനെയും ഉത്ഥാനത്തെയും ബന്ധപ്പെടുത്തി ക്കൊണ്ട് ഇപ്രകാരം പറഞ്ഞുവച്ചു:

On the cross, God is powerless, lowly and abandoned, only in the resurrection do we believe that this God is the innermost centre of the universe, the power of love that lives beneath our feet as the absolute power of future'.

Ilia Delia, The unbearable wholeness of Being.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com